**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 12** **23-01-2025 - ൽ മറുപടിയ്ക്ക്**

**ദളിത് പെൺകുട്ടിയെ ലൈംഗികചൂഷണം ചെയ്ത കേസിൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പത്തനംതിട്ടയിൽ കായികതാരമായ ദളിത് വിഭാഗത്തിൽപ്പെട്ട പെൺകുട്ടിയെ ലൈംഗികമായി ചൂഷണംചെയ്ത കേസിൽ പ്രതികളായവരെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | ഈ കേസിൽ അതിജീവിതയായ കുട്ടി പഠിക്കുന്ന പള്ളിക്കൂടത്തിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ മിഷന്റെ കീഴിലുള്ള "സ്നേഹിത" എന്ന ഹെൽപ്പ് ഡെസ്ക് മുഖേന നടന്ന കൗൺസിലിങ്ങിലൂടെയാണ് ദളിത് വിഭാഗത്തിൽപ്പെട്ട പെൺകുട്ടിയെ നിരവധിപേർ ലൈംഗികമായി പീഡിപ്പിച്ച കാര്യം വെളിപ്പെട്ടത്. അതീവ ഗൗരവകരമായ ഈ വെളിപ്പെടുത്തലിനെ തുടർന്ന് ചൈൽഡ് വെൽഫെയർ കമ്മറ്റി മുഖേന തുടർനിയമ നടപടികൾ സ്വീകരിക്കുകയുണ്ടായി.<br><br>പോലീസ് പ്രത്യേക അന്വേഷണ സംഘങ്ങൾ രൂപീകരിച്ച് അന്വേഷണം ആരംഭിക്കുകയും പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്ത് തുടർനടപടികൾ സ്വീകരിച്ച് വരികയുമാണ്.<br><br>ഇതുവരെ പത്തനംതിട്ടയിൽ 30 കേസുകളും തിരുവനന്തപുരം റൂറൽ ജില്ലയിൽ ഒരു കേസുമാണ് രജിസ്റ്റർ ചെയ്ത് അന്വേഷണത്തിലുള്ളത്. 31 കേസുകളും നിലവിൽ അന്വേഷണത്തിലാണ്. ഈ കേസുകളിലായി ആകെ 59 പ്രതികൾ ഉൾപ്പെട്ടിട്ടുണ്ട്.<br><br>56 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് (രണ്ട് കേസുകളിലെ ഒരു പ്രതി ഉൾപ്പെടെ). പ്രതികളിൽ 7 പേർ പ്രായപൂർത്തിയാകാത്തവരാണ്.<br><br>ഇനി അറസ്റ്റ് ചെയ്യാനുള്ള 2 പ്രതികൾ വിദേശത്തും ഒരാൾ ഒളിവിലുമാണ്.<br><br>പത്തനംതിട്ടയിൽ മൂന്ന് ഡി.വൈ. എസ്.പിമാരുടെയും തിരുവനന്തപുരത്ത് വർക്കല ഡി.വൈ. എസ്.പി യുടെയും നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പഴുതടച്ചുള്ള കേസന്വേഷണവും പ്രോസിക്യൂഷൻ നടപടികളും ഉറപ്പുവരുത്തുന്നതിന് തിരുവനന്തപുരം റേഞ്ച് ഡി.ഐ.ജിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രതികൾക്കെതിരെ എന്തെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിട്ടുള്ളതെന്നും പ്രസ്തുത കേസിന്റെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ; | (ബി) | അനുബന്ധമായി ചേർക്കുന്നു. |
| (സി) | സ്ത്രീസുരക്ഷ ഉറപ്പാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | സ്ത്രീകൾക്കും, കുട്ടികൾക്കും സുരക്ഷ ഉറപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br><br>സ്ത്രീകൾക്ക് കേരളാ പോലീസിന്റെ സഹായം പെട്ടെന്ന് ലഭിക്കുന്നതിനായി മൊബൈൽ ആപ്ലിക്കേഷൻ സംവിധാനമായ പോൽ ആപ്പ് (POL APP), നിർഭയ ആപ്പ് എന്നിവ മൊബൈൽ ഫോണിൽ ഡൗൺ ലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്.<br><br>ട്രെയിനുകളിൽ അടിയന്തര സാഹചര്യങ്ങളിൽ ടോൾ ഫ്രീ നമ്പറായ 9846200100, നാഷണൽ ഹൈവേകളിൽ ടോൾ ഫ്രീ നമ്പറായ 9846100100, ERSS ടോൾ ഫ്രീ നമ്പറായ 112 എന്നിവ നിലവിലുണ്ട്.<br><br>സൈബർ ലോകത്ത് വർദ്ധിച്ചു വരുന്ന കുറ്റകൃത്യങ്ങൾക്കെതിരെ കുട്ടികളെ സജ്ജരാക്കുവാനായി കേരള പോലീസ്, *ബച്പൻ ബച്ചാവോ ആന്തോളൻ* സംഘടനയുമായി കൈ കോർത്ത് "കൂട്ട്" എന്ന പേരിൽ ഒരു സമഗ്ര ബോധവൽക്കരണ നിയമ സഹായപദ്ധതി നടത്തി വരുന്നു.<br><br>രാത്രികാലങ്ങളിൽ ഒറ്റപ്പെട്ടു പോകുന്ന സ്ത്രീകൾക്ക് സുരക്ഷിതമായി താമസിക്കുന്നതിനായി "സഖി", "വൺ സ്റ്റോപ്പ് സെന്റർ", "സ്നേഹിത" എന്നീ ഷെൽട്ടർ ഹോം സംവിധാനങ്ങൾ നില വിലുണ്ട്.<br><br>സ്ത്രീ സമൂഹം നേരിടുന്ന ഗാർഹിക വൈവാഹിക വിവാഹേതര പ്രശ്നങ്ങളും, തർക്കങ്ങളും, ജോലി സ്ഥലത്തെ പ്രശ്നങ്ങൾ, കുടുംബ പ്രശ്നങ്ങൾ, വിവാഹ മോചന തർക്കങ്ങൾ, വ്യക്തിപരമായ ആവലാതികൾ, ദൈനംദിന ജീവിത പ്രശ്നങ്ങൾ, കുടുംബാന്തരീക്ഷത്തിൽ കുട്ടികൾക്കും പ്രായമായവർക്കെതിരെയുമുള്ള അതിക്രമങ്ങൾ എന്നിവ സുതാര്യവും സൗഹൃദപരവുമായ ഒത്തു തീർപ്പിലൂടെ മീഡിയേഷൻ, കൺസിലിയേഷൻ, കൗൺസിലിംഗ് എന്നിവ വഴി പരിഹാരം |

കണ്ടെത്തുന്നതിനായി വനിതാ സെല്ലുകൾ കേന്ദ്രീകരിച്ച് ഗാർഹിക പ്രശ്നപരിഹാര കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ഗാർഹിക പീഡനം, സ്ത്രീധനം എന്നിവയുമായി ബന്ധപ്പെട്ട പരാതികൾ അറിയിക്കുന്നതിനായി പോലീസ് സംവിധാനമായ "അപരാജിത" പദ്ധതി കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നുണ്ട്. പരാതികൾ 9497996992 എന്ന ഫോൺ നമ്പർ മുഖേനയും Email ID ആയ aparajitha.pol @ kerala. gov.in മുഖേനയും അറിയിക്കാവുന്നതാണ്.

പരാതികൾ വീടുകളിൽ ചെന്ന് അന്വേഷിച്ച് തീർപ്പാക്കുന്നതിന് പിങ്ക് ബീറ്റ് പട്രോളിംഗും പ്രവർത്തിച്ച് വരുന്നു.

മാനസിക സംഘർഷം അനുഭവിക്കുന്ന കുട്ടികൾക്ക് സഹായ ഹസ്തവുമായി കേരളാ പോലീസ് നടപ്പിലാക്കിയ "ചിരി-പദ്ധതി" സംസ്ഥാനത്ത് മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നു ഇതിനായി ചിരി ഹെൽപ്പ് ലൈൻ നമ്പർ (9497900200) നിലവിലുണ്ട്.

സൈബർ പോലീസ് സ്റ്റേഷൻ മുഖാന്തിരം സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് ബോധവത്കരണ ക്ലാസുകൾ നൽകുകയും എല്ലാ സ്കൂളുകളിലും സ്റ്റുഡന്റ് പോലീസുമായി സഹകരിച്ച് സൈബർ സെക്യൂരിറ്റി ക്ലബ്ബുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും ഏത് സമയത്തും ഭയം കൂടാതെ കടന്നു ചെല്ലാവുന്ന രീതിയിൽ പോലീസ് സ്റ്റേഷനുകളെ ജനസൗഹൃദമാക്കുന്നതിന് എല്ലാ പോലീസ് സ്റ്റേഷനുകളിലും PRO സംവിധാനം, സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്, വനിതാ ഹെൽപ്പ് ഡെസ്ക് സംവിധാനം, ചൈൽഡ് ഫ്രണ്ട് ലി പോലീസ് സ്റ്റേഷൻ എന്നിവ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു.

ജനമൈത്രി ബീറ്റ് ഓഫീസർമാരുടെ ഫോൺ നമ്പർ ഭവന സന്ദർശന സമയത്ത് നൽകിയിട്ടുള്ളതും സ്റ്റേഷൻ മൊബൈൽ, ഹൈവേ പോലീസ്, പിങ്ക് പോലീസ്, കൺട്രോൾറൂം വാഹനം മുതലായവയുടെ അടിയന്തര സഹായം ഉറപ്പ് വരുത്തുന്നതിന് ഫോൺ നമ്പർ പൊതുസ്ഥലങ്ങളിലും സാമൂഹ്യ മാധ്യമങ്ങൾ വഴിയും പ്രദർശിപ്പിച്ചിട്ടുണ്ട്.

സ്ത്രീകൾക്ക് സുരക്ഷിതമായി യാത്ര ചെയ്യുന്നതിനും സ്വയം സുരക്ഷയും ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്ത്രീകൾക്കും

| | | | |
|---|---|---|---|
| | | | കുട്ടികൾക്കും സ്വയം രക്ഷപരിശീലനവും ബോധവൽക്കരണ ക്ലാസുകളും നൽകി വരുന്നുണ്ട്.<br><br>പോലീസിൽ നിന്ന് ലഭിക്കേണ്ട വിവിധ സേവനങ്ങൾക്കായി "തുണ" (THUNA) എന്ന വെബ് പോർട്ടൽ സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു.<br><br>ആത്മവിശ്വാസം വളർത്തുന്നതിനുള്ള നടപടിയെന്ന നിലയിലും അതിക്രമങ്ങൾക്കെതിരെ ആത്മ വിശ്വാസത്തോടെ പോരാടുന്നതിന് സമൂഹത്തിലെ സ്ത്രീകളെ ശാക്തീകരിക്കുന്നതിനും എല്ലാ ജില്ലകളിലെയും സ്ത്രീകൾക്കും പെൺകുട്ടികൾക്കും സ്വയം പ്രതിരോധ പരിശീലനം നൽകുന്നതിന് ജനമൈത്രി സുരക്ഷാ പദ്ധതിയുടെ കീഴിൽ വനിതാ സ്വയം പ്രതിരോധ പരിശീലന പരിപാടി നടത്തിവരുന്നു.<br><br>ലൈംഗിക അതിക്രമങ്ങളെ അതിജീവിച്ച, ദുർബലമായ സാഹചര്യങ്ങളിലുള്ള കേരളത്തിലെ സ്ത്രീകളും കുട്ടികളും ആത്മവിശ്വാസത്തോടെയും അന്തസ്സോടെയും സമൂഹത്തിൽ ജീവിക്കാൻ സഹായിക്കുന്ന പിന്തുണ സംവിധാനങ്ങൾ നിർഭയ പോളിസിയുടെ അടിസ്ഥാനത്തിൽ ചെയ്തുവരുന്നു.<br><br>ജുവനൈൽ ജസ്റ്റിസ് ആക്ട് സെക്ഷൻ 107 നിർദ്ദേശിക്കുന്ന പ്രകാരം സംസ്ഥാനത്തെ എല്ലാ പോലീസ് ജില്ലകളിലും സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു.<br><br>കുട്ടികൾക്കെതിരെയുണ്ടാകുന്ന ഓൺലൈൻ കുറ്റകൃത്യങ്ങൾ തടയുന്നതിന് പ്രത്യേകം ഊന്നൽ നൽകികൊണ്ട് കേരള പോലീസിന്റെ സൈബർ ഡോം ന്റെ ഭാഗമായി Counter Child Sexual Exploitation Center (CCSE)-ന് രൂപം നൽകിയിട്ടുണ്ട്.<br><br>ലൈംഗികാതിക്രമകേസുകളിലെയും ബാലപീഡനകേസുകളിലെയും അതിജീവിതർക്ക് സമയബന്ധിതമായി നീതിയും നിയമ സഹായവും ഉറപ്പാക്കുന്നതിനായി വിക്ടിം ലെയ്സൺ ഓഫീസറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

1. പത്തനംതിട്ട പോലീസ് സ്റ്റേഷൻ ക്രൈം നം. 94/2025 u/s 376, 376-D, 376(2)(n) IPC, 3(a), 3(d), 4, 5(g), 5(1) R/w 6 of POCSO Act, 3(2)(v) SC/ST (POA) Act. D/O: 01/06/2024 മുതൽ 30/06/2024 വരെ

2. പത്തനംതിട്ട പോലീസ് സ്റ്റേഷൻ ക്രൈം നം. 97/2025 u/s 137(2), 69, 70(1)BNS 3(a), 4, 5g, 6 of POCSO Act.. D/O: 01/07/2024 മുതൽ 31/07/2024 വരെ.

3. പത്തനംതിട്ട പോലീസ് സ്റ്റേഷൻ ക്രൈം നം. 98/2025 u/s 69, 70(1)BNS, 3(a), 3(d), 4, 5g, 6 POCSO ACT, 3(2)(v) SC & ST (POA) Act.. D/O: 01/07/2024 മുതൽ 07/07/2024 വരെ.

4. പത്തനംതിട്ട പോലീസ് സ്റ്റേഷൻ ക്രൈം നം. 104/2025 u/s 376, 376-D IPC & 3(a), 3(d), 4, 5g, 6 Of POCSO Act.. D/O: 01/01/2024 മുതൽ 31/01/2024 വരെ.

5. പത്തനംതിട്ട പോലീസ് സ്റ്റേഷൻ ക്രൈം നം. 106/2025 u/s 363, 376, 376-D IPC & 3(a), 3(d), 4, 5g, 6 of POCSO ACT. D/O: 01/02/2024 മുതൽ 29/02/2024 വരെ

6. പത്തനംതിട്ട പോലീസ് സ്റ്റേഷൻ ക്രൈം നം. 107/2025 u/s 363, 376, 376-D IPC & 3(a),3(d),4,5g OF POCSO ACT DO 01.07.2024 മുതൽ 31.07.2024 വരെ.

7. പത്തനംതിട്ട പോലീസ് സ്റ്റേഷൻ ക്രൈം നം. 109/2025 u/s 363, 376,376(1) IPC 3(a), 3(d) 4 of POCSO ACT, 3(2) (v) of SC/ST (POA) Act. D/O: 01/05/2024 മുതൽ 31/05/2024 വരെ.

8. പത്തനംതിട്ട പോലീസ് സ്റ്റേഷൻ ക്രൈം നം. 110/2025 u/s 363, 376, 376(1) IPC 3(a)3(d)4 of POCSO ACT.D/O: 01/06/2024 മുതൽ 30/06/2024 വരെ.

9. പത്തനംതിട്ട പോലീസ് സ്റ്റേഷൻ ക്രൈം നം. 111/2025 u/s 137(2), 64(1), of BNS & 3(a), 3(d), 4 of POCSO Act. D/O: 01/08/2024 മുതൽ 31/08/2024 വരെ.

10. പത്തനംതിട്ട പോലീസ് സ്റ്റേഷൻ ക്രൈം നം. 112/2025 u/s 137(2), 64(1) of BNS & 3(a), 3(d), 4 of POCSO Act. D/O: 01/07/2024

11. പത്തനംതിട്ട പോലീസ് സ്റ്റേഷൻ ക്രൈം നം. 113/2025 u/s 363, 376, 376(1) of IPC & 3(a), 3(d) R/W 4 of POCSO Act.. D/O 01/06/2024 മുതൽ 30/06/2024 വരെ.

12. മലയാലപ്പുഴ പോലീസ് സ്റ്റേഷൻ ക്രൈം നം. 34/2025 u/s 450, 376 IPC 3(d) R/W 4 OF POCSO ACT D/O: 01/01/2022 മുതൽ 31/12/2022 വരെ.

13. ഇലവുംതിട്ട പോലീസ് സ്റ്റേഷൻ ക്രൈം നം. 32/2025 u/s 64(2)(m), 65(1), 69, 70(2), 75(2)OF BNS 3(a), 4, 5g, 51, 6, 7, 8 OF POCSO Act & 3(2)(v)OF SC/ST (POA) ACT. D/O 01/01/2019 മുതൽ 31/12/2023 വരെ.

14. ഇലവുംതിട്ട പോലീസ് സ്റ്റേഷൻ ക്രൈം നം. 33/2025 u/s 64(1) OF BNS 3(a), 4 OF POCSO Act. D/O: 12/10/2024

15. ഇലവുംതിട്ട പോലീസ് സ്റ്റേഷൻ ക്രൈം നം. 37/2025 u/s 376(1) IPC, 4, 3(a) OF POCSO ACT, & 66 (E) OF IT ACT D/O: 01/08/2024

16.ഇലവുംതിട്ട പോലീസ് സ്റ്റേഷൻ ക്രൈം നം. 38/2025 u/s 376 (1) IPC & 4, 3(a) OF POCSO ACT.D/O: 01/02/2023

17. ഇലവുംതിട്ട പോലീസ് സ്റ്റേഷൻ ക്രൈം നം. 39/2025 u/s 69, 70 (2) OF BNS &4, 3(a), 6, 5g OF POCSO Act & 3(2)(v)OF SC ST (POA) Act D/O: 01/11/2024 മുതൽ 30/11/2024 വരെ.

18. ഇലവുംതിട്ട പോലീസ് സ്റ്റേഷൻ ക്രൈം നം. 40/2025 u/s 64(1), 137 OF BNS & 66(E) OF IT ACT & 4, 3(a), 3(b) OF POCSO Act D/O: 01/10/2024 മുതൽ 31/10/2024 വരെ.

19. ഇലവുംതിട്ട പോലീസ് സ്റ്റേഷൻ ക്രൈം നം. 41/2025 u/s 376-D OF IPC & 66(E) OF IT ACT & 4, 3(a), 6, 5g OF POCSO Act & 3(2) (v) OF SC ST (POA) ACT.D/O: 01/04/2023 മുതൽ 30/04/2023 വരെ.

20. ഇലവുംതിട്ട പോലീസ് സ്റ്റേഷൻ ക്രൈം നം. 42/2025 u/s 363, 376 (1) OF IPC & 66(E) OF IT ACT & 4, 3(a) OF POCSO Act D/O: 01/02/2024 മുതൽ 29/02/2024 വരെ.

21. ഇലവുംതിട്ട പോലീസ് സ്റ്റേഷൻ ക്രൈം നം. 43/2025 u/s 64(1), 69, 137 OF BNS & 4, 3(a) OF POCSO ACT.D/O: 10/10/2024 മുതൽ 20/10/2024 വരെ.

22. ഇലവുംതിട്ട പോലീസ് സ്റ്റേഷൻ ക്രൈം നം. 44/2025 u/s 64(1), 137 OF BNS & 66(E) OF IT ACT & 4, 3(a), 6, 51 OF POCSO ACT & 3(2)(v) OF SC ST (POA) Act. D/O: 05/10/2024 മുതൽ 20/10/2024 വരെ

23. ഇലവുംതിട്ട പോലീസ് സ്റ്റേഷൻ ക്രൈം നം. 45/2025 u/s 64(1), 137 OF BNS & 4, 3(a), 6, 51 OF POCSO ACT & 3(2)(v) OF SC ST (POA) ACT. D/O 05/10/2024 മുതൽ 26/10/2024 വരെ.

24. ഇലവുംതിട്ട പോലീസ് സ്റ്റേഷൻ ക്രൈം നം. 46/2025 u/s 363, 376 OF IPC & 4, 3(a) OF POCSO ACT. D/O 01/03/2024 മുതൽ 31/03/2024 വരെ.

25. ഇലവുംതിട്ട പോലീസ് സ്റ്റേഷൻ ക്രൈം നം. 47/2025 u/s 64(1), 69, 137, 351(3) OF BNS & 66(E) OF IT ACT & 4, 3(a), 6, 51 OF POCSO ACT. D/O 01/09/2024 മുതൽ 13/09/2024 വരെ

26. ഇലവുംതിട്ട പോലീസ് സ്റ്റേഷൻ ക്രൈം നം. 48/2025 u/s 64(1), 69, 137, 351(3) OF BNS & 66(E) OF IT ACT & 4, 3(a), 6, 51 OF POCSO ACT. D/O 01/10/2024 മുതൽ 31/10/2024 വരെ.

27. ഇലവുംതിട്ട പോലീസ് സ്റ്റേഷൻ ക്രൈം നം . 49/2025 u/s 363, 376(1), 354-A OF IPC & 4, 3(a), 6, 51 OF POCSO ACT. D/O 02/02/2023 മുതൽ 12/01/2024 വരെ.

28. ഇലവുംതിട്ട പോലീസ് സ്റ്റേഷൻ ക്രൈം നം. 50/2025 u/s 64(1), 137 OF BNS & 66(E) OF IT ACT & 4, 3(a) OF POCSO ACT & 3(2)(V) OF SC ST (POA) ACT. D/O 01/10/2024 മുതൽ 31/10/2024 വരെ.

29. ഇലവുംതിട്ട പോലീസ് സ്റ്റേഷൻ ക്രൈം നം. 51/2025 u/s 363, 376(1) IPC & 4, 3(a) OF POCSO ACT & 3(2)(V) OF SC ST (POA) ACT. D/O 27/01/2024.

30. പന്തളം പോലീസ് സ്റ്റേഷൻ ക്രൈം നം. 67/2025 u/s 75(2), 96, 64(2)(m), 70(2)BNS, 84 JJ ACT, 4, 3(a), 3(d), 6, 5g, 51, 12, 11(iii) OF POCSO ACT. D/O 01/10/2024 മുതൽ 31/10/2024 വരെ.

31.കല്ലംമ്പലം പോലീസ് സ്റ്റേഷൻ ക്രൈം നം. 97/2025 u/s 366,376,376(1),354A(I)(i),354B IPC , SEC 4 r/w 3(a),3(d),8 r/w 7,12r/w 11 OF POCSO ACT & SEC 3(2)(v)3(wi) OF SC/ST POA

Pramela

സെക്ഷൻ ഓഫീസർ